(ബി) ഈ പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സർക്കാർ എത്ര തുക വീതം അനുവദിച്ചുവെന്നും അതിൽ എത്ര വീതം ചെലവഴിച്ചുവെന്നും വിശദമായ സ്റ്റേറ്റുമെന്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) "1965-ലെ കേരളാ ഫാമിൻ റിലിഫ് ഫണ്ട് റൂൾസ്" പ്രകാരം 11 ജില്ലകളെ പൂർണ്ണമായും മറ്റ് ജില്ലകളെ ഭാഗികമായും വരൾച്ച ബാധിത പ്രദേശങ്ങളായി ലാന്റ് റവന്യൂ കമ്മീഷണർ പ്രഖ്യാപിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കാറില്ല.

ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് നിയമനം

12 [3182] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് 1995-നു ശേഷം ഇതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേക്ക് ട്രാൻസ്ഫർ മുഖേനയും നേരിട്ടുമുള്ള നിയമനത്തിന്റെ അനുപാതം എത്രയാണ്; ഈ അനുപാതത്തിൽ നേരിട്ട് നിയമനത്തിനുള്ള ഒഴിവുകൾ കണക്കാക്കി പി.എസ്.സി.-യെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) 1995 മുതൽ ട്രാൻസ്ഫർ മുഖേന എത്ര ഒഴിവുകൾ നികത്തപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ) റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് 1995-നു ശേഷം ഒഴിവുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഡെപ്യൂട്ടി കളക്ടർമാരുടെ സ്ഥിരം തസ്തികകളിൽ 5-ൽ ഒരാളെ എന്ന ക്രമത്തിൽ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടതാണെന്ന് ഡെപ്യൂട്ടി കളക്ടർമാരെ സംബന്ധിച്ചുള്ള സ്പെഷ്യൽ ചട്ടത്തിൽ അനുശാസിക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ നേരിട്ടുള്ള നിയമനത്തിനായി ഒഴിവുകളൊന്നും തന്നെ നിലവിലില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly